# ജില്ലാ ബാങ്ക് വാർത്ത

കാസർകോട് ജില്ലാ സഹകരണ ബാങ്ക് ന്യൂസ് ബുള്ളറ്റിൻ

പുസ്തകം രണ്ട് ലക്കം ഒന്ന് ഡിസംബർ 2013


## പ്രാഥമിക സംഘങ്ങളുടെ വായ്പാ തിരിച്ചടവിന് നിയമ നിർമ്മാണം നടത്തും: സഹകരണ വകുപ്പ് മന്ത്രി




*കാസർകോട് ജില്ലാ സഹകരണ ബാങ്ക് ഓഡിറ്റോറിയത്തിൽ നടന്ന സഹകാരികളുമായുള്ള മുഖാമുഖത്തിൽ സഹകരണ വകുപ്പ് മന്ത്രി സി എൻ ബാലകൃഷ്ണൻ പ്രസംഗിക്കുന്നു.*

**കാസർകോട്:** പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നുള്ള വായ്പ കൃത്യമായി തിരിച്ചടക്കുന്നതിന് നിയമ നിർമ്മാണം നടത്തുമെന്ന് സഹകരണ വകുപ്പ് മന്ത്രി സി എൻ ബാലകൃഷ്ണൻ പറഞ്ഞു. കാസർകോട് ജില്ലാ സഹകരണ ബാങ്ക് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച സഹകാരികളുമായുള്ള മുഖാമുഖത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ചില പ്രദേശങ്ങളിൽ കടബാധ്യതകൾ എഴുതിത്തള്ളുമെന്ന പ്രതീക്ഷയിൽ വായ്പ തിരിച്ചടക്കാതിരിക്കുന്ന പ്രവണതയുണ്ട്. ചില വ്യാജ സംഘടനകൾ തെറ്റായ പ്രചരണം നടത്തി വായ്പ എടുത്തവരെ കബളിപ്പിക്കുന്നു. ഈ സാഹചര്യത്തിലാണ് നിയമം കൊണ്ടുവരുന്നതെന്ന് മന്ത്രി പറഞ്ഞു. സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകൾക്ക് നിലവിൽ വായ്പ തിരിച്ചടവിനുള്ള നിയമമുണ്ട്. എന്നാൽ പ്രാഥമിക സംഘങ്ങൾക്കില്ല. എൻഡോസൾഫാൻ ദുരിത ബാധിതരുടെ കടബാധ്യതകളുമായി ബന്ധപ്പെട്ട് 13 കോടി രൂപയുടെ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. കടാശ്വാസ കമ്മീഷൻ വായ്പ എഴുതിതള്ളുന്നതിന് നടപടി സ്വീകരിക്കുമ്പോൾ സഹകരണ വകുപ്പുമായി കൂടിയാലോചിക്കണം. പ്രാഥമിക സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങളിൽ ആദായ നികുതി ഈടാക്കാനുള്ള തീരുമാനം പുനപരിശോധിക്കാൻ കേന്ദ്രസർക്കാറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. വനിതാ സഹകരണ സംഘങ്ങളേയും പട്ടികജാതി പട്ടികവർക്ഷക്ഷേമ സഹകരണ സംഘങ്ങളേയും മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കും. ആയിരത്തോളം വനിതാ സംഘങ്ങളിൽ നൂറിൽ താഴെ സംഘങ്ങളാണ് സജീവമായി പ്രവർത്തിക്കുന്നത്. വനിതാ സംഘങ്ങളെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചാലുടൻ കാറ്റഗറിയും തസ്തികകൾ അനുവദിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കും. സഹകരണ മേഖലയിലെ പ്രശ്നങ്ങൾ സയമബന്ധിതമായി പരിഹരിക്കും. പതിനാലു ജില്ലകളിലേയും മുഖാമുഖം പരിപാടി പൂർത്തിയായാൽ റിപ്പോർട്ട് ക്രോഡീകരിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

ചടങ്ങിൽ എൻ എ നെല്ലിക്കുന്ന് എം എൽ എ അധ്യക്ഷത വഹിച്ചു. ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റ് പി സി രാമൻ, വൈസ് പ്രസിഡന്റ് ബാലകൃഷ്ണ വോർക്കുഡ്‌ലു, ജില്ലയിലെ പ്രമുഖ സഹകരാകളായ അഡ്വ.സി കെ ശ്രീധരൻ, പി. ഗംഗാധരൻ നായർ, എം വി കോമൻ നമ്പ്യാർ, തച്ചങ്ങാട് ബാലകൃഷ്ണൻ, ജില്ലാ ബാങ്ക് ഡയറക്ടർമാർ, സഹകരണ വകുപ്പ് അഡീഷണൽ രജിസ്ട്രാർ സുരേഷ് ബാബു, ജില്ലാ ബാങ്ക് ജനറൽ മാനേജർ എ അനിൽകുമാർ, ജോയിന്റ് രജിസ്ട്രാർ (ജനറൽ) കെ ജി പ്രദീപ് കുമാർ, ഡിസ്ട്രിക്ട് രജിസ്ട്രാർ പി കെ അഷ്റഫ്, ജില്ലയിലെ വിവിധ സഹകരണ സ്ഥാപനങ്ങളുടെ പ്രസിഡന്റുമാർ, സെക്രട്ടറിമാർ, പ്രതിനിധികൾ, മറ്റു സഹകാരികൾ, സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ മുഖാമുഖത്തിൽ പങ്കെടുത്തു. പരിപാടിയുടെ തുടക്കത്തിൽ സംസ്ഥാന സഹകരണ യൂണിയൻ ചെയർമാൻ ഇ നാരായണൻ, പ്രമുഖ സഹകാരി കെ എസ് അബ്ദുള്ള എന്നിവരുടെ ദേഹവിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തി.

## എഡിറ്റോറിയൽ

### 60-ാമത് സഹകരണ വാരാഘോഷം നൽകുന്ന സന്ദേശം

60-ാമത് സഹകരണ വാരാഘോഷം ഇന്ത്യയിലെങ്ങും പ്രത്യേകിച്ച് കേരളത്തിൽ സമുചിതമായി കൊണ്ടാടുകയുണ്ടായി. മാറുന്ന ലോക ക്രമത്തിൽ സാമൂഹ്യ-സാമ്പത്തികോന്നമനത്തിന് സഹകരണ പ്രസ്ഥാനം എന്നതായിരുന്നു ഇത്തവണത്തെ വാരാഘോഷത്തിന്റെ മുഖ്യ പ്രമേയം. ജാതി മത രാഷ്ട്രീയവേർതിരിവില്ലാതെയുള്ള മഹത്തായ സംഗമങ്ങളായിരുന്നു വാരാഘോഷത്തിന്റെ ഭാഗമായി നടന്ന എല്ലാ പരിപാടികളും. കേരളത്തിന്റെ ഇന്നു കാണുന്ന സർവ്വോൻമുഖമായ പുരോഗതിക്ക് പിന്നിൽ സഹകരണ പ്രസ്ഥാനങ്ങൾ വഹിച്ച പങ്കും സഹകരണമേഖല സംരംക്ഷിക്കപ്പെടേണ്ടതിന്റെ പ്രാധാന്യവും സമഗ്രമായി ചർച്ചചെയ്ത സെമിനാറുകൾ വാരാഘോഷത്തിന് മാറ്റുകൂട്ടി. സഹകരണ പ്രസ്ഥാനങ്ങൾക്കെതിരെ ഉയർന്നുവരുന്ന കരിനിയമങ്ങൾക്കെതിരെയുള്ള സമര പ്രഖ്യാപനംകൂടിയായി മാറി സെമിനാറുകൾ.

സഹകരണമേഖലയിൽ കോടികളുടെ നിക്ഷേപമുണ്ടെന്ന് പറയുമ്പോഴും ഇത് പൂർണമായും ശരിയായ രീതിയിൽ വിനിയോഗിക്കപ്പെടുന്നില്ലെന്ന സ്വയം വിമർശനവും സെമിനാറുകളിൽ മുഴങ്ങികേട്ടു. സഹകരണ മേഖലയിലെ നിക്ഷേപം ഈ മേഖലയിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്കോ, കേരളത്തിന്റെ അടിസ്ഥാന കാർഷിക അനുബന്ധമേഖലയുടെ വളർച്ചക്കോ ഉതകുന്ന രീതിയിൽ വിനിയോഗിക്കാൻ കഴിയുന്നുണ്ടോ എന്ന് പരിശോധിക്കപ്പെടമെന്നായിരുന്നു ചില സഹകാരികളുടെ ആവശ്യം.

ഇത്തരം വിമർശനങ്ങൾ ഒഴിവാക്കുംവിധം ഭാവി പ്രവർത്തനത്തെ ചിട്ടപ്പെടുത്താൻ സഹകരണ സ്ഥാപനങ്ങളും ഭരണസമിതികളും ജാഗ്രത കാണിക്കണം. വികലമായ പുത്തൻ സാമ്പത്തിക പരിഷ്കാരങ്ങൾക്കും നവ ആഗോളീകരണത്തിനും ബദലായി സഹകരണ സ്ഥാപനങ്ങൾ അതിന്റെ അടിസ്ഥാന തത്വങ്ങളിൽ അടിയുറച്ച് പ്രവർത്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നുവെന്ന് സാരം.


**മാനേജിംഗ് എഡിറ്റർ**
എ അനിൽ കുമാർ
ജനറൽ മാനേജർ

**ചീഫ് എഡിറ്റർ**
സി ബാലകൃഷ്ണൻ
ഡെപ്യൂട്ടി ജനറൽ മാനേജർ

**എഡിറ്റർ**
സി സഹദ്

**എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ**
വി കൃഷ്ണൻ
എം പ്രവീൺകുമാർ
കെ അനീഷ്


## ചന്ദ്രകാന്തം, ഗോകുലം, കാമധേനു, കദളി ഫാർമേഴ്സ് ക്ലബ്ബുകൾ ഉദ്ഘാടനം ചെയ്തു

**കാസർകോട്:** കാസർകോട് ജില്ലാ സഹകരണ ബാങ്കിന്റെ നീലേശ്വരം, മാലക്കല്ല്, സീതാംഗോളി, കുണ്ടംകുഴി ശാഖകൾക്ക് കീഴിൽ നബാർഡിന്റെ സഹായത്തോടെ രൂപീകരിച്ച ഫാർമേഴ്സ് ക്ലബ്ബുകൾ ഉദ്ഘാടനം ചെയ്തു.

നീലേശ്വരം ശാഖയുടെ കീഴിൽ രൂപീകരിച്ച ചന്ദ്രകാന്തം ഫാർമേഴ്സ് ക്ലബ്ബിന്റെ ഉദ്ഘാടനം നബാർഡ് എ.ജി.എം എൻ ഗോപാലൻ നിർവ്വഹിച്ചു. പടിഞ്ഞാറ്റംകൊഴുവൽ പൊതുജനവായനശാലാ ഹാളിൽ നടന്ന പരിപാടിയിൽ ഫാർമേഴ്സ് ക്ലബ്ബ് പ്രസിഡന്റ് പി രാഘവൻ നായർ അധ്യക്ഷതവഹിച്ചു. ജില്ലാ സഹകരണ ബാങ്ക് ഡെപ്യൂട്ടി ജനറൽ മാനേജർ സി ബാലകൃഷ്ണൻ പദ്ധതി വിശദീകരിച്ചു. നീലേശ്വരം നഗരസഭാ കൗൺസിലർ പി ഭാർഗവി, റീജ്യണൽ മാനേജർ പി വി ഗോപിനാഥൻ, സീനിയർ മാനേജർ എൻ ബേബി, അഗ്രികൾച്ചറൽ ഓഫീസർ എം പ്രവീൺകുമാർ എന്നിവർ പ്രസംഗിച്ചു. ഫാർമേഴ്സ് ക്ലബ്ബ് സെക്രട്ടറി പി രമേശൻ നായർ സ്വാഗതവും വൈസ് പ്രസിഡന്റ് എം രാധമ്മ നന്ദിയും പറഞ്ഞു.

മാലക്കല്ല് ശാഖയുടെ കീഴിലുള്ള ഗോകുലം ഫാർമേഴ്സ് ക്ലബ്ബിന്റെ ഉദ്ഘാടനം പനത്തടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സുപ്രിയ അജിത് നിർവ്വഹിച്ചു. ബളാംതോട് ക്ഷീരോൽപ്പാദക സഹകരണ സംഘത്തിൽ നടന്ന പരിപാടിയിൽ ജില്ലാ സഹകരണ ബാങ്ക് ഡയറക്ടർ തങ്കമ്മ ജോർജ്ജ് അധ്യക്ഷതവഹിച്ചു. ഡെപ്യൂട്ടി ജനറൽ മാനേജർ സി ബാലകൃഷ്ണൻ പദ്ധതി വിശദീകരിച്ചു. പരപ്പ ബ്ലോക് പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ രാധ സുകുമാരൻ, പനത്തടി ഗ്രാമ പഞ്ചായത്ത് അംഗങ്ങളായ കെ കുമാരൻ, എം സി മാധവൻ എന്നിവർ ചേർന്ന് ക്ഷീര കർഷകർക്കുള്ള ധനസഹായ വിതരണം നടത്തി. അഗ്രികൾച്ചറൽ ഓഫീസർ എം പ്രവീൺകുമാർ, മാനേജർ എം കെ മാധവൻ നായർ എന്നിവർ പ്രസംഗിച്ചു. ഫാർമേഴ്സ് ക്ലബ്ബ് പ്രസിഡന്റ് കെ എൻ സുരേന്ദ്രൻ നായർ സ്വാഗതവും ബളാംതോട് ക്ഷീരോൽപ്പാദക സഹകരണ സംഘം സെക്രട്ടറി സി എസ് പ്രദീപ്കുമാർ നന്ദിയും പറഞ്ഞു.

സീതാംഗോളി ശാഖയുടെ കീഴിൽ രൂപീകരിച്ച കാമധേനു ഫാർമേഴ്സ് ക്ലബ്ബിന്റെ ഉദ്ഘാടനം പുത്തിഗെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചനിയ പാടി നിർവ്വഹിച്ചു. സീതാംഗോളിയിൽ നടന്ന പരിപാടിയിൽ ബദിയഡുക്ക ഗ്രാമപഞ്ചായത്ത് വൈസ്പ്രസിഡന്റ് കെ എൻ കൃഷ്ണ ഭട്ട് അധ്യക്ഷതവഹിച്ചു. ജില്ലാ സഹകരണ ബാങ്ക് ഡെപ്യൂട്ടി ജനറൽ മാനേജർ സി ബാലകൃഷ്ണൻ കർഷകരെ ആദരിച്ചു. മുഖ്യാതിഥിയായ നബാർഡ് എ.ജി.എം എൻ ഗോപാലൻ മുഖ്യപ്രഭാഷണം നടത്തി. പുത്തിഗെ ഗ്രാമപഞ്ചായത്ത് അംഗം ശശികല, ജില്ലാ സഹകരണ ബാങ്ക് അഗ്രികൾച്ചറൽ ഓഫീസർ എം പ്രവീൺകുമാർ, മാനേജർ ഉമേഷ് റായ് എന്നിവർ പ്രസംഗിച്ചു. തുടർന്ന് നടന്ന സെമിനാറിൽ തെങ്ങ് കൃഷി- ശാസ്ത്രീയ പരിപാലന മുറകൾ എന്ന വിഷയത്തിൽ സി.പി.സി.ആർ.ഐ യിലെ ശാസ്ത്രജ്ഞൻ ഡോ മുഹമ്മദ് ബഷീർ ക്ലാസെടുത്തു. ഫാർമേഴ്സ് ക്ലബ്ബ് പ്രസിഡന്റ് സി എം ശംഭു ഹെബ്ബാർ സ്വാഗതവും സെക്രട്ടറി ചിക്കപ്പ റായ് നന്ദിയും പറഞ്ഞു.

കുണ്ടംകുഴി ശാഖയുടെ കീഴിലുള്ള കദളി ഫാർമേഴ്സ് ക്ലബ്ബിന്റെ ഉദ്ഘാടനം നബാർഡ് എ.ജി.എം എൻ ഗോപാലൻ നിർവ്വഹിച്ചു. മുന്നാട് പേരിയ ആട്സ് ആന്റ് സ്പോർട്സ് ക്ലബ്ബിൽ നടന്ന പരിപാടിയിൽ ജില്ലാ സഹകരണ ബാങ്ക് ഡെപ്യൂട്ടി ജനറൽ മാനേജർ സി ബാലകൃഷ്ണൻ അധ്യക്ഷതവഹിച്ചു. റീജ്യണൽ മാനേജർ എം പത്മാക്ഷൻ, അഗ്രികൾച്ചറൽ ഓഫീസർ എം പ്രവീൺകുമാർ, മാനേജർ എം തമ്പാൻ എന്നിവർ പ്രസംഗിച്ചു. തുടർന്ന് നടന്ന സെമിനാറിൽ ജൈവ പച്ചക്കറി കൃഷിരീതികൾ എന്ന വിഷയത്തിൽ കാസർകോട് കൃഷിവിജ്ഞാന കേന്ദ്രത്തിലെ ഡോ. കെ മണികണ്ഠൻ ക്ലാസെടുത്തു. ഫാർമേഴ്സ് ക്ലബ്ബ് പ്രസിഡന്റ് കെ ഗോപി സ്വാഗതവും സെക്രട്ടറി ഇ മോഹനൻ നന്ദിയും പറഞ്ഞു.

# ജില്ലാ സഹകരണ ബാങ്കിൽ പാക്സ് ഡവലപ്മെന്റ് സെൽ പ്രവർത്തനം തുടങ്ങി

**കാസർകോട്:** ജില്ലയിലെ നഷ്ടത്തിൽ പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി കാസർകോട് ജില്ലാ സഹകരണ ബാങ്കിൽ നബാർഡ് ധനസഹായത്തോടെ പാക്സ് ഡവലപ്മെന്റ് സെൽ പ്രവർത്തനം ആരംഭിച്ചു.



*കാസർകോട് ജില്ലാ സഹകരണ ബാങ്ക് ഹെഡ്ഡാഫീസിൽ സജ്ജീകരിച്ച പാക്സ് ഡവലപ്മെന്റ് സെൽ എൻ എ നെല്ലിക്കുന്ന് എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു.*

പുതിയ വായ്പാ -നിക്ഷേപ പദ്ധതികൾ ആവിഷ്കരിച്ചും വായ്പാ-വായ്പേതരമേഖലകളിൽ കൂടുതൽ സേവനം ലഭ്യമാക്കിയും പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ലാഭത്തിലെത്തിക്കുകയാണ് സെല്ലിന്റെ ലക്ഷ്യം.

ജില്ലാ സഹകരണ ബാങ്ക് ഹെഡ്ഡാഫീസിൽ സജ്ജീകരിച്ച സെൽ എൻ എ നെല്ലിക്കുന്ന് എം.എൽ.എ ഉദ്ഘാടനം ചെയ്തു. നബാർഡ് ചീഫ് ജനറൽ മാനേജർ അമലോർപവനാഥൻ മുഖ്യാതിഥി ആയിരുന്നു. ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റ് പി സി രാമൻ അധ്യക്ഷതവഹിച്ചു. ഡെപ്യൂട്ടി ജനറൽ മാനേജർ സി ബാലകൃഷ്ണൻ പദ്ധതി വിശദീകരിച്ചു. നബാർഡ് എ.ജി.എം എൻ ഗോപാലൻ പ്രസംഗിച്ചു. ജില്ലാ സഹകരണ ബാങ്ക് വൈസ് പ്രസിഡന്റ് ബാലകൃഷ്ണ വോർക്കുഡ്‌ലു സ്വാഗതവും ജനറൽ മാനേജർ എ അനിൽകുമാർ നന്ദിയും പറഞ്ഞു.

## മാനപ്പഗട്ടിയ്ക്കും ദാമോദരൻ നായർക്കും ഊഷ്മളമായ യാത്രയയപ്പ്



എം മാനപ്പഗട്ടി



പി ദാമോദരൻ നായർ



*കാസർകോട് ജില്ലാ സഹകരണ ബാങ്കിൽ നടന്ന യാത്രയയപ്പ് പരിപാടി ജില്ലാ സഹകരണ ബാങ്ക് വൈസ് പ്രസിഡന്റ് ബാലകൃഷ്ണ വോർക്കുഡ്‌ലു ഉദ്ഘാടനം ചെയ്യുന്നു.*

**കാസർകോട്:** കാസർകോട് ജില്ലാ സഹകരണ ബാങ്കിൽ നിന്നും 38 വർഷത്തെ സേവനത്തിന് ശേഷം വിരമിച്ച സീനിയർ മാനേജർ എം മാനപ്പഗട്ടി, 25 വർഷത്തെ സേവനത്തിന് ശേഷം വിരമിച്ച മാനേജർ പി ദാമോദരൻ നായർ എന്നിവർക്ക് ഊഷ്മളമായ യാത്രയയപ്പ് നൽകി. ജില്ലാ സഹകരണ ബാങ്ക് ഭരണസമിതിയുടേയും ജീവനക്കാരുടെയും നേതൃത്വത്തിൽ ജില്ലാ സഹകരണ ബാങ്ക് കോൺഫറൻസ് ഹാളിൽ നടന്ന പരിപാടിയിൽ ഡയറക്ടർ അഡ്വ. മാത്യു സെബാസ്റ്റ്യൻ അധ്യക്ഷതവഹിച്ചു.

ജില്ലാ ബാങ്ക് വൈസ് പ്രസിഡന്റ് ബാലകൃഷ്ണ വോർക്കുഡ്‌ലുബാങ്കിന്റെയും ജീവനക്കാരുടേയും വക ഉപഹാരങ്ങൾ നൽകി. ഡയറക്ടർമാരായ ഇ അബൂബക്കർ, പി മാധവൻ നായർ, എൻ കൃഷ്ണകുമാർ, ടി പത്മനാഭൻ, പി എ ടു പ്രസിഡന്റ് വി കൃഷ്ണൻ, റീജ്യണൽ മാനേജർമാരായ എ ഗോപാലൻ, എം പത്മാക്ഷൻ, മാനേജർമാരായ എം ജയകുമാർ, എം കെ മാധവൻ നായർ, എം കുമാരൻ നായർ, പി കുമാരൻ നായർ, വി വി കൃഷ്ണൻ, സി ഗീത, ജൂനിയർ അക്കൗണ്ടന്റുമാരായ കെ അനീഷ് കുമാർ, എ പ്രകാശ്റാവു, കെ വി പ്രഭാവതി, ബി സി ലീന, എ ശ്രീരേഖ എന്നിവർ പ്രസംഗിച്ചു. എം മാനപ്പഗട്ടി, പി ദാമോദരൻ നായർ എന്നിവർ മറുപടി പ്രസംഗം നടത്തി. ഡെപ്യൂട്ടി ജനറൽ മാനേജർ സി ബാലകൃഷ്ണൻ സ്വാഗതവും അഗ്രികൾച്ചറൽ ഓഫീസർ എം പ്രവീൺകുമാർ നന്ദിയും പറഞ്ഞു.

# ജില്ലാ സഹകരണബാങ്കിന്റെ ഉപ്പള, മഡിയൻ ശാഖകൾ പുതിയ കെട്ടിടത്തിലേക്ക് മാറി

**ഉപ്പള, മഡിയൻ** : കോർ ബാങ്കിങ് സംവിധാനത്തിലൂടെ ഇടപാടുകാർക്ക് പരമാവധി ബാങ്കിങ് സേവനം ലഭ്യമാക്കുന്നതിന്റെ ഭാഗമായി കാസർകോട് ജില്ലാ സഹകരണ ബാങ്കിന്റെ ഉപ്പള, മഡിയൻ എന്നീ ശാഖകളുടെ പ്രവർത്തനം പുതിയ കെട്ടിടങ്ങളിലേക്ക് മാറി. ഇടപാടുകാരുടെ സൗകര്യം, പ്രവർത്തന വിപുലീകരണം എന്നിവ ഉൾപ്പടെ പരിഗണിച്ചാണ് ആധുനിക സജ്ജീകരണങ്ങളോടുകൂടിയ കെട്ടിടങ്ങളിലേക്ക് ശാഖയുടെ പ്രവർത്തനം മാറ്റിയത്.

ഉപ്പള ശാഖ കൈക്കമ്പ ജംങ്ഷനിലുള്ള ഗൾഫ് പ്ലാസ കെട്ടിടത്തിലേക്കാണ് മാറിയത്. പുതിയ കെട്ടിടം പ്രസിഡന്റ് പി സി രാമൻ ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് ബാലകൃഷ്ണ വോർക്കുഡ്‌ലു ചടങ്ങിൽ അധ്യക്ഷതവഹിച്ചു. ജനറൽ മാനേജർ എ അനിൽകുമാർ, ഡെപ്യൂട്ടി ജനറൽ മാനേജർ എം കൃഷ്ണൻ എന്നിവർ പ്രസംഗിച്ചു. ഡെപ്യൂട്ടി ജനറൽ മാനേജർ സി ബാലകൃഷ്ണൻ സ്വാഗതവും റീജ്യണൽ മാനേജർ എ ഗോപാലൻ നന്ദിയും പറഞ്ഞു.



ജില്ലാ സഹകരണ ബാങ്ക് ഉപ്പള ശാഖയുടെ പുതിയ കെട്ടിടം പ്രസിഡന്റ് പി സി രാമൻ ഉദ്ഘാടനം ചെയ്യുന്നു.



ജില്ലാ സഹകരണ ബാങ്ക് മഡിയൻ ശാഖയുടെ പുതിയ കെട്ടിടം അജാനൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പി പി നസീമ ഉദ്ഘാടനം ചെയ്യുന്നു.

മഡിയൻ ശാഖയുടെ പ്രവർത്തനം മാണിക്കോത്തുള്ള പി പി കെ കെട്ടിടത്തിലേക്കാണ് മാറ്റിയത്. പുതിയ കെട്ടിടം അജാനൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പി പി നസീമ ഉദ്ഘാടനം ചെയ്തു. ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റ് പി സി രാമൻ അധ്യക്ഷതവഹിച്ചു.

ഡയറക്ടർ തച്ചങ്ങാട് ബാലകൃഷ്ണൻ ആദ്യ നിക്ഷേപം സ്വീകരിച്ചു. അജാനൂർ ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് പി ബാലകൃഷ്ണൻ ,ഡെപ്യൂട്ടി ജനറൽ മാനേജർമാരായ സി ബാലകൃഷ്ണൻ, എൻ കുഞ്ഞികൃഷ്ണൻ എന്നിവർ പ്രസംഗിച്ചു. ജനറൽ മാനേജർ എ അനിൽകുമാർ സ്വാഗതവും മാനേജർ പി ചന്ദ്രശേഖരൻ നന്ദിയും പറഞ്ഞു.

## ‘സഹകരണ നിക്ഷേപം സമൂഹത്തിന്റെ പുരോഗതിക്ക്’

# നിക്ഷേപ സമാഹരണ യജ്ഞത്തിന് തുടക്കമായി

**കാസർകോട്:** സംസ്ഥാന സർക്കാർ തീരുമാന പ്രകാരമുള്ള സഹകരണ നിക്ഷേപ സമാഹരണ യജ്ഞത്തിന് ജില്ലയിൽ തുടക്കമായി. സഹകരണ നിക്ഷേപം സമൂഹത്തിന്റെ പുരോഗതിക്ക് എന്ന മുദ്രാവാക്യവുമായി ഡിസംബർ ഒന്നു മുതൽ 31 വരെ സംഘടിപ്പിക്കുന്ന നിക്ഷേപ സമാഹരണ പരിപാടിയിലൂടെ 175 കോടി രൂപ സമാഹരിക്കാനാണ് ലക്ഷ്യമിടുന്നത്.

നിക്ഷേപ സമാഹരണ കാലത്ത് സഹകരണ ബാങ്കുകൾ സ്ഥിര നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശ നൽകും. ഇക്കാലയളവിൽ കാസർകോട് ജില്ലാ സഹകരണ ബാങ്ക് ഒരുവർഷക്കാലത്തേക്കുള്ള മൂന്ന് ലക്ഷത്തിന് മുകളിലോട്ടുള്ള നിക്ഷേപങ്ങൾക്ക് 10.25 ശതമാനം വരെ പലിശ നൽകും. മുതിർന്ന പൗരൻമാർക്ക് എല്ലാവിധ സ്ഥിര നിക്ഷേപങ്ങൾക്കും 0.5 ശതമാനം അധിക പലിശ നൽകും.

### നിക്ഷേപ കാലാവധിയും ജില്ലാ ബാങ്കിലെ പലിശ നിരക്കും

| | | | |
|---|---|---|---|
| 15-45 ദിവസം | 7.25 % | ഒരുവർഷവും അതിന് മുകളിലും ( 3 ലക്ഷവും അതിലധികവും) | 10.25% |
| 46-90 ദിവസം | 7.75 % | | |
| 91-179 ദിവസം | 8.50 % | 400 ദിവസത്തേക്ക് | 10.00 % |
| 180-364 ദിവസം | 9.00 % | മുതിർന്ന പൗരൻമാർക്ക് എല്ലാവിധ നിക്ഷേപ സ്കീമുകളിലും 0.50 % കൂടുതൽ പലിശ. | |
| ഒരുവർഷവും അതിന് മുകളിലും | 9.75 % | | |

Edited, Printed & Published by General Manager, Kasaragod District Co-operative Bank Ltd. (Free Circulation only)
Phone- 04994-220118, 230118.